# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 18, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 312)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | 1960 മുതൽ 2071 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 2072 മുതൽ 2107 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 2108 മുതൽ 2203 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 2204 മുതൽ 2271 വരെ |

### സമ്പൂർണ്ണ വൈദ്യുതീകരണം

1960 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഏതെല്ലാം മണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയത് ;

(ബി) ഈ മണ്ഡലങ്ങളിൽ വൈദ്യുത കണക്ഷനായി എത്ര അപേക്ഷകൾ കെട്ടികിടക്കുന്നുണ്ട് ;

(സി) ഈ അപേക്ഷകൾ എന്ന് തിർപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>വൈദ്യുത പദ്ധതികൾ</u>

1961 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച ഏതെല്ലാം വൈദ്യുത പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചിട്ടുള്ളത് ;

(ബി) ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പുതിയ വൈദ്യുത പദ്ധതികള്‍</u>

1962 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം വൈദ്യുതി ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പുതിയ പദ്ധതികള്‍ ആരംഭിച്ചുവെന്നുള്ള വിവരം നല്‍കുമോ;

(ബി) ഏതെങ്കിലും പുതിയ പദ്ധതി കമ്മീഷന്‍ ചെയ്യാന്‍ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(സി) പുതുതായി നിര്‍മ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിവരങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>വര്‍ദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗവും ഉല്പാദനവും</u>

1963

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉപഭോഗത്തില്‍ എത്ര യൂണിറ്റിന്റെ വര്‍ദ്ധനയാണ് കഴിഞ്ഞ 3 വര്‍ഷമായി ഉണ്ടായിട്ടുളളത്;

(ബി) ഇതിന് ആനുപാതികമായി ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപയോഗം</u>

1964 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനവും ഉപഭോഗവും</u>

1965 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിദ്യുഛക്തി ബോർഡിന് എത്ര ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കൾ ഉണ്ട്;

(ബി) സംസ്ഥാനത്ത് ആകെ എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉപയോഗിക്കപ്പെടുന്നത്;

(സി) ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള നിലവിലെ അന്തരം എത്ര യൂണിറ്റാണ്;

(ഡി) 2010 ജൂൺ 30-ാം തീയതിയിലെ കണക്ക് പ്രകാരം ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്ര ആയിരുന്നു;

(ഇ) ഉല്പാദനവും, ഉപഭോഗവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ ഉല്പാദനവും ഉപയോഗവും</u>

1966 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2006 മുതല്‍ 2010 വരെ ജനുവരി മുതല്‍ ജൂണ്‍ മാസം വരെ ഓരോ മാസവും ഉല്പാദിപ്പിച്ച വൈദ്യുതിയും വിതരണം ചെയ്ത വൈദ്യുതിയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) 2012, 2013 വര്‍ഷം ജനുവരി മുതല്‍ ജൂണ്‍ വരെ ഓരോ മാസവും ഉല്പാദിപ്പിച്ച വൈദ്യുതിയും വിതരണം ചെയ്ത വൈദ്യുതിയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) 2012, 2013 വര്‍ഷങ്ങളില്‍ പവര്‍കട്ട് ഏര്‍പ്പെടുത്തിയതിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലാഭിക്കാന്‍ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ഡി) പവര്‍കട്ട് ഏര്‍പ്പെടുത്തിയതിലൂടെ ഊര്‍ജ്ജ ലാഭം ഉണ്ടാക്കിയതുമൂലം 2012, 2013 വര്‍ഷത്തില്‍ എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപയോഗമാണ് കുറയ്ക്കാന്‍ കഴിഞ്ഞതെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപഭോഗം</u>

T1967 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, പി.കെ. ബഷീർ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ നടപടികൾ മുഖേനയുണ്ടായ വൈദ്യുതി ലാഭം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക്, തദ്ദേശത്ത് ലഭ്യമായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ (കാറ്റ്, സൗരോർജ്ജം) നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച്, വൈദ്യുതാവശ്യം നിർവ്വഹിക്കുന്നതിനുള്ള പദ്ധതിയെന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

1968 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ വിവിധ പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കുമോ;

(ബി) അധിക വൈദ്യുതി ഉത്പാദിപ്പിക്കുവാനായി തയ്യാറാക്കിയിരുന്ന ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവയിൽ ഓരോ പദ്ധതിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികളും ഇവ ഓരോന്നും എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം</u>

1969 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതം എത്രയാണ്; വൈദ്യുതി നിലയത്തിൽ നിന്നും അനുവദിച്ച വൈദ്യുതി, ലഭിക്കുന്ന വൈദ്യുതി എന്നീ ക്രമത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അനുവദിച്ച കേന്ദ്ര വിഹിതം കേരളത്തിന് ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയതായി ഏതെങ്കിലും കേന്ദ്ര നിലയത്തിൽ നിന്നും സംസ്ഥാനത്തിന് വിഹിതം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസരണ ലൈനുകൾ ബുക്കു ചെയ്യുന്നതിന്റെ പേരിലോ നിർമ്മിക്കുന്നതിന്റെ പേരിലോ കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ടം പ്രവര്‍ത്തനം</u>

1970 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവില്‍ കായംകുളം താപവൈദ്യുത നിലയത്തില്‍ നിന്നും എത്ര വൈദ്യുതിയാണ് ഉല്‍പാദിപ്പിക്കുന്നത്; ഇതില്‍ എത്ര വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുന്നുണ്ട്; എത്ര രൂപയ്ക്കാണ് വൈദ്യുതി വാങ്ങുന്നത്;

(ബി) കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ടം പ്രവര്‍ത്തന സജ്ജമായിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സാഹചര്യമെന്തെന്ന് വിശദമാക്കുമോ; എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്;

(സി) രണ്ടാംഘട്ടത്തില്‍ ഇന്ധനമായി ഉപയോഗിക്കുന്നത് എന്‍.എല്‍.ജി. ആണോ; ആണെങ്കില്‍ ആയത് ലഭ്യമാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എന്‍.എല്‍.ജി. ഉപയോഗിക്കുന്നതിലൂടെ ഇവിടെ നിന്നുള്ള വൈദ്യുതിയുടെ വിലയില്‍ വ്യത്യാസം വരുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കൂടുംകുളം വൈദ്യുത നിലയത്തിൽ നിന്നുള്ള വിഹിതം</u>

1971 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും കേരളത്തിന്റെ വിഹിതം കൊണ്ടുവരാനുള്ള പ്രസരണ ലൈനുകൾ പൂർത്തിയാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലൂടെയാണ് ലൈൻ വലിക്കേണ്ടിവരുന്നത്; നിലവിൽ അതിന് എന്താണു തടസ്സമായി നിൽക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) കോട്ടയം, പത്തനംതിട്ട ജില്ലകളിലൂടെ പ്രസ്തുത ലൈൻ വലിക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത ജില്ലകളിലൂടെയുള്ള ലൈൻ വലിക്കുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ അനാസ്ഥ അർഹതപ്പെട്ട വൈദ്യുതി വിഹിതം നഷ്ടപ്പെടുന്നതിന് ഇടയാക്കുമോ;

(ഇ) പ്രസരണ ലൈൻ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

1972 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ ഏതെല്ലാം പാരമ്പേര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കാനാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കാറ്റിൽ നിന്നും വൈദ്യുതി</u>

1973 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' പി. എ. മാധവൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് എൻ. ടി. പി. സി. യുമായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കടൽ കാറ്റിൽ നിന്നും വൈദ്യുതി</u>

1974 ശ്രീ. പി. ഉബൈദുള്ള
'' വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എൻ. എ. ഖാദർ
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽത്തീരത്തെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം ഏതെങ്കിലും ഏജൻസി നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണെന്നും, പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ലാഭകരമായി നടപ്പിലാക്കാനാവുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിർവ്വഹണം ഏതു രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന കാര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കടൽത്തിരമാലയിൽ നിന്നും വൈദ്യുതി</u>

1975

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽത്തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഫലപ്രദവും പ്രായോഗികവുമായ സാങ്കേതിക വിദ്യ എവിടെയെങ്കിലും വികസിപ്പിച്ചെടുത്തിട്ടുള്ളതായി അറിവുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ചുള്ള വിശദവിവരം ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന നോൺ കൺവെൻഷനൽ എനർജി സംബന്ധിച്ച ഏജൻസി ഇതു സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ഫ്ളോട്ടിംഗ് സോളാർ പാനലുകൾ</u>

1976 ശ്രീ. കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികജ്ഞാനം സംസ്ഥാനം ആർജ്ജിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതുപയോഗപ്പെടുത്തിയുള്ള വൈദ്യുതോൽപ്പാദന പദ്ധതികളേതെങ്കിലും ആവഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കീഴിലെ ജലവൈദ്യുത അണക്കെട്ടുകളിലെ ജലാശയങ്ങളിലെ അനുയോജ്യമേഖലകളിൽ ഇത്തരം വൈദ്യുതോല്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സൗരഗൃഹ പദ്ധതി</u>

1977 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ എത്ര വീടുകളുടെ മേൽക്കൂരകളിൽ സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) 'സൗരഗൃഹ പദ്ധതി' പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട്?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദനം

1978 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകൾ തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയവർക്കുള്ള സബ്സിഡി വിതരണം ചെയ്തിട്ടുണ്ടോ; എത്ര തുകയാണ് സബ്സിഡിയായി നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ദീർഘകാല കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ ടെണ്ടർ</u>

1979 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ടെണ്ടർ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി നൽകാനാണ് സംരംഭകർ മുന്നോട്ട് വന്നിരിക്കുന്നത്; ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് ശരാശരി വില എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അയൽ സംസ്ഥാനങ്ങൾ ഇപ്രകാരം ടെണ്ടർ ക്ഷണിച്ചപ്പോൾ ശരാശരി ഒരു യൂണിറ്റ് വൈദ്യുതിക്ക് □₹ 4.50 മുതൽ □₹ 5.50 വരെ വില നിശ്ചിയിച്ച് കരാറിൽ ഏർപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി ചാർജ് വർദ്ധനവും ഉപയോഗ നിയന്ത്രണവും വഴിയുള്ള വരുമാന വർദ്ധനവ്</u>

1980 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം, കെ.എസ്.ഇ.ബി. വിവിധയിനങ്ങളിലായി ഏതൊക്കെ വിഭാഗങ്ങൾക്ക് എത്ര തവണയാണ് വൈദ്യുതി ചാർജിന് വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) മെയ് മാസം മുതൽ 200 യൂണിറ്റിനു മുകളിൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും കൂടുതൽ നിരക്കിൽ വൈദ്യുതി ചാർജ്ജും, ഉപയോഗിക്കുന്ന അധിക യൂണിറ്റിന് സെസ്സും ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രഖ്യാപിത പവർകട്ടും, അപ്രഖ്യാപിത പവർകട്ടും ഏർപ്പെടുത്തുകയും, ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും, അതിനുമേൽ ഉപയോഗിക്കുന്നവർക്ക് കനത്ത തോതിൽ വൈദ്യുതി ചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുവഴി കെ.എസ്.ഇ.ബി.യുടെ വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഇ) കെ.എസ്.ഇ.ബി.യുടെ ചെലവ് കുറയ്ക്കാനും, കെ.എസ്.ഇ.ബി.യെ ലാഭത്തിലേക്ക് എത്തിക്കാനും, അതുവഴി ഉപഭോക്താക്കൾക്ക് ആശ്വാസം ലഭിക്കുന്നതിനും എന്ത് നടപടിയാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>വേനൽക്കാല മാസങ്ങളിലെ വൈദ്യുതി നിയന്ത്രണം</u>

1981 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽക്കാലത്ത് ഗാർഹിക ആവശ്യത്തിനായി ശരാശരി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഓരോമാസവും വേണ്ടത് ;

(ബി) ലോഡ്ഷെഡ്ഡിംഗും പവർഹോളിഡെയും ആയി നിയന്ത്രണം ഏർപ്പെടുത്തിയതു പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ലോഡ് ഷെഡ്ഡിംഗും പവർഹോളിഡെയും എന്നത്തേക്ക് അവസാനിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പ്രസരണ വിതരണ പ്രവർത്തനങ്ങളിലെ അപാകതകൾ</u>

1982 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം പ്രസരണ മേഖലയിലെ പ്രവർത്തനങ്ങൾക്കായി എന്തു തുക വൈദ്യുതി ബോർഡ് നീക്കി വച്ചിട്ടുണ്ടായിരുന്നു;

(ബി) പ്രസ്തുത സാമ്പത്തിക വർഷം (ഫെബ്രുവരി 2013 വരെ) എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) പ്രസരണ വിതരണ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രസരണരംഗത്തെ മന്ദത</u>

1983 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണരംഗത്തെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള മന്ദത പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) 2001-06 കാലത്ത് ആകെ എത്ര സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു;

(സി) 2006-11 കാലത്ത് എത്ര സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു ;

(ഡി) കഴിഞ്ഞ രണ്ടുവർഷം കൊണ്ട് എത്ര സബ്സ്റ്റേഷനുകളാണ് പൂർത്തിയായത് ;

(ഇ) എത്ര സബ്സ്റ്റേഷനുകളുടെ പണിയാണ് നടന്നു വരുന്നത് ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>അറ്റകുറ്റപ്പണി നടത്താത്തതുമൂലം പാഴാകുന്ന വൈദ്യുതി</u>

1984 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിനു മുൻപ് വിതരണ ശൃംഖലയിൽ വൈദ്യുതി ബോർഡ് നടത്താറുള്ള അറ്റകുറ്റപ്പണികൾ ഈ വർഷം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിൽ ജോലിചെയ്ത വകയിൽ കരാറുകാർക്ക് എന്തു തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾക്കുള്ള സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ഡി) അറ്റകുറ്റപ്പണി നടത്താത്തതുമൂലം വൈദ്യുതി പാഴാകുന്നത് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

## വൈദ്യുതി ഉപഭോഗം

1985

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മെയ് മാസം സംസ്ഥാനത്തിന്റെ വൈദ്യുതി ഉപയോഗം ശരാശരി എത്ര യൂണിറ്റായിരുന്നു; മെയ് 31 ന് വൈദ്യുതി ഉപയോഗം എത്ര യൂണിറ്റ് ആയിരുന്നു;

(ബി) 2013 ജൂൺ 1 മുതൽ 5 വരെ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപയോഗം ശരാശരി എത്ര യൂണിറ്റ് ആണ്; ജൂൺ 1ന് വൈദ്യുതി ഉപയോഗം എത്ര യൂണിറ്റ് ആയിരുന്നു;

(സി) 2013 മെയ് മാസം ജലവൈദ്യുത പദ്ധതികളിൽ നിന്നും ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു; ഇപ്പോൾ കൂടുതലായി എത്ര യൂണിറ്റ് ഉല്പാദിപ്പിക്കുന്നു; വിശദമാക്കുമോ;

(ഡി) ഈ വേനൽകാലത്ത് വൈദ്യുതി ഉപയോഗം വൻതോതിൽ ഉയരാതെ നിർത്തുന്നതിൽ ഉപയോക്താക്കളുടെ സഹകരണം ഉണ്ടായിരുന്നോ; വിശദമാക്കുമോ;

(ഇ) എത്ര യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് സൗജന്യമായി വൈദ്യുതി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും; വ്യക്തമാക്കുമോ;

(എഫ്) 300 യൂണിറ്റ് കവിഞ്ഞുള്ള താരിഫ് വർദ്ധന കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ജി) 2013 ജൂൺ 5 നകം ഏതൊക്കെ സർക്കിളുകളിൽ ലോഡ് ഷെഡിങ് ഒഴിവാക്കിയിട്ടുണ്ട്; ഒഴിവാക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ ഉപയോഗം കുറക്കാന്‍ ബോധവത്ക്കരണം</u>

1986 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാലയങ്ങളില്‍ പ്രചാരണ പരിപാടികള്‍ നടത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കില്‍ വിദ്യാലയങ്ങളില്‍ പ്രചാരണ പരിപാടികള്‍ നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളുടെ നവീകരണം</u>

1987

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകളുടെ നവീകരണ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എത്രമാത്രം ഊർജ്ജലാഭം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വൈദ്യുത കമ്പിനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ്</u>

1988 ശ്രീ.ജോസഫ് വാഴക്കൻ
'' വി. ഡി. സതീശൻ
'' ബെന്നി ബെഹനാൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പാക്കേജ് നടപ്പിലാക്കുന്നതിനായി സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സമിതികളുടെ ചുമതലകൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷനുകൾ</u>

1989 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ, മീറ്റർ, ട്രാൻസ്ഫോർമർ, മറ്റു വൈദ്യുതി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സംസ്ഥാന ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര പുതിയ മീറ്ററുകളും, എത്ര പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 18.06.2013–ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

1990 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനും, വൈദ്യുതിയും നൽകുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ പുതുതായി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൽകിയിട്ടുള്ള സൗജന്യ വൈദ്യുതി കണക്ഷന്റെയും വൈദ്യുതിയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ശരാശരി ഒരു വർഷം സൗജന്യമായി നൽകുന്നത്; ആയതിന്റെ വിലയെത്രയാണ്; ഈ തുക സർക്കാർ ബോർഡിന് നൽകുന്നുണ്ടോ; ഈയിനത്തിൽ എത്ര തുക സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി വിഭാഗങ്ങൾക്കും, ആദിവാസികൾക്കും സൗജന്യ വൈദ്യുതി നൽകിയതിന്റെ പേരിൽ പട്ടികജാതി ക്ഷേമവകുപ്പോ, പട്ടികവർഗ്ഗക്ഷേമവകുപ്പോ വൈദ്യുതി ബോർഡിന് പണം നൽകാനുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതിയുടെ പ്രയോജനം</u>

1991 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

'ലാഭപ്രഭ പദ്ധതി' നടപ്പാക്കിയത് മൂലം, വൈദ്യുത ഉപഭോഗം, എത്ര ശതമാനം കുറയ്ക്കുവാന്‍ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

1992

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാഭപ്രഭ പദ്ധതി പ്രതീക്ഷിച്ച നേട്ടം കൈവരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉപയോഗം എത്ര ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(സി) ലാഭപ്രഭ പദ്ധതി പ്രകാരം ഉപഹാരം സമർപ്പണത്തിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ഊർജ്ജ സമ്പാദ്യം–നോ ലോഡ്ഷെഡിംഗ് പദ്ധതി</u>

1993 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സമ്പാദ്യം–നോ ലോഡ്ഷെഡിംഗ് പദ്ധതിയിലൂടെ എത്ര വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഈ പദ്ധതിയിലൂടെ ഏതെങ്കിലും പ്രദേശത്ത് ലോഡ്ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ രണ്ട് പദ്ധതികളുടെ പ്രചരണപ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ലോഡ് ഷെഡിംഗ് പിന്‍വലിക്കുന്നതിന് നടപടി

1994 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാലവര്‍ഷം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ ലോഡ്ഷെഡിംഗ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ വര്‍ഷം നിലവിലുള്ള ലോഡ്ഷെഡിംഗ് ഒഴിവാക്കുന്നതിനായി സര്‍ക്കാര്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

ആർ.ജി.ജി.വി.വൈ പദ്ധതി

1995 ശ്രീ. എം. എ. ബേബി
'' സാജു പോൾ
'' വി. ചെന്താമരാക്ഷൻ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആർ.ജി.ജി.വി.വൈ പദ്ധതിയുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കണക്ഷനുകളാണ് കൊടുത്തിട്ടുള്ളത്;

(സി) ഇനി എന്തൊക്കെ പണികളാണ് ബാക്കിയുള്ളത്;

(ഡി) എത്ര കണക്ഷൻ നൽകാനുണ്ട്; ഇവ എപ്പോൾ പൂർത്തിയാകും?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യുടെ നിലവിലെ ബാദ്ധ്യതകൾ

1996 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബിയുടെ നിലവിലെ ബാദ്ധ്യതകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

മന്ത്രിമാരുടേയും, ചീഫ് വിപ്പിന്റേയും ഔദ്യോഗിക വസതി
യിലെ വൈദ്യുതി ചാർജ്ജ്

T1997 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ മുഖ്യമന്ത്രിയുടേയും, മന്ത്രിമാരുടേയും, ഗവൺമെന്റ് ചീഫ് വിപ്പിന്റേയും ഔദ്യോഗിക വസതിയിലെ വൈദ്യുതി ചാർജ്ജിനത്തിൽ ഖജനാവിൽ നിന്ന് ചെലവായ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ ആർ.ജി.ജി.വി.വൈ. പദ്ധതികൾ

1998 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന" യിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഇതിനുള്ള കരാർ ഉണ്ടാക്കിയത് ആരുമായിട്ടാണ്;

(ഡി) ഇതിന് എത്ര തുക അഡ്വാൻസ് നൽകിയെന്നും ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി ആദിവാസി ഊരുകളിൽ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിന് നടപടി</u>

1999 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി ഊരുകളിലെ വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിന് ഉടൻ ഉത്തരവ് നൽകുമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യൂതീകരണം നടത്തിയ പാലക്കാട് ജില്ലയെ അത്തരത്തിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിൽ വൈദ്യുതി</u>

2000 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനാന്തർഭാഗങ്ങളിലെ ആദിവാസി ഊരുകളിൽ വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം-പരിസ്ഥിതി നിയമങ്ങൾ തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി ജനവിഭാഗങ്ങൾക്ക് വൈദ്യുതിയും വെളിച്ചവും നൽകുവാൻ ഇത്തരം നിയമങ്ങളിൽ ഇളവു നൽകുവാൻ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിളുകളിലൂടെ വൈദ്യുതി എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

റോസ് മലയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനം

2001 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) “രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ പദ്ധതി” യനുസരിച്ച് കൊട്ടാരക്കര സർക്കിളിൽ പുനലൂർ ഡിവിഷനിൽപ്പെട്ട റോസ്മലയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഒറ്റപ്പെട്ട വനമേഖലയായ റോസ്മലയിൽ എന്ന് വൈദ്യുതി എത്തിക്കുമെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇത് പ്രകാരം ആവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ നിയോജക മണ്ഡലത്തിൽ കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ</u>

2002 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിൽ കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ വേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

**കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

2003

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളുടെ മീറ്ററുകൾ കേടായത് കൊണ്ട് കെ. എസ്. ഇ. ബി യ്ക്ക് വലിയ നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര മീറ്ററുകൾ കേടായിട്ടുണ്ട് എന്നതു സംബന്ധിച്ച് കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഇനത്തിൽ ബോർഡിനുണ്ടാവുന്ന നഷ്ടം പരിഹരിക്കുന്നതിന് കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മീറ്റർ കേടായി എന്ന കാര്യം കൺസ്യൂമർ രേഖാമൂലം സെക്ഷൻ ഓഫീസിൽ അറിയിച്ചാൽ മാത്രമേ മീറ്റർ മാറ്റി വയ്ക്കാവൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ ഉദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

2004 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം ഉപഭോക്താക്കൾ വൈദ്യുതി ബിൽ ഇനത്തിൽ വൻ തുക ഒടുക്കേണ്ടി വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇതിൽ എത്ര അപേക്ഷയിന്മേൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

2005 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നത് നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി ഏറ്റെടുത്ത് കൈമാറാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കക്കടംപൊയിൽ, ഓലിക്കൽ, പൂവരംതോട്</u>
<u>വൈദ്യുതി പദ്ധതികൾ</u>

2006 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, എം. ഹംസ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കക്കടംപൊയിൽ, ഓലിക്കൽ, പൂവരംതോട് വൈദ്യുതി പദ്ധതികൾ ഒരു ക്ലസ്റ്ററായി പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച തീരുമാനം നില വിലുണ്ടോ;

(ബി) ഈ പദ്ധതികൾ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തട സ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്ത മാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

വൈദ്യുതി ഉപഭോക്താക്കൾക്ക് ടി. ഒ. ഡി. സമ്പ്രദായം

2007 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ടി. ഒ. ഡി. സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഇത്തരം മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>എടവണ്ണപ്പാറ സെക്ഷനുകീഴിൽ വാഴക്കാട് 1000 കെ.വി. പവർ അലോക്കേഷൻ</u>

2008 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടവണ്ണപ്പാറ സെക്ഷനുകീഴിൽ വാഴക്കാട് ഏതെങ്കിലും കമ്പനി പണമടച്ച് 1000 കെ.വി. പവർ അലോക്കേഷന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക അടച്ചുവെന്നും എന്നാണ് പണമടച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ട 11 കെ.വി. ലൈനിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കാലയളവിൽ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള കെ.എസ്.ഇ.ബി. ചട്ടമനുസരിച്ച് ഇത്തരം പ്രവൃത്തിയുടെ കണക്ഷൻ ചാർജ്ജ് ചെയ്യുന്നതിനും, കണക്ഷൻ സ്വീകരിക്കാതിരുന്നാലുള്ള വ്യവസ്ഥകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്പനിയുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കമ്പനി കണക്ഷൻ സ്വീകരിച്ചിട്ടില്ലെങ്കിൽ മറ്റ് ഉപഭോക്താക്കൾക്ക് ഇതിൽ നിന്നും കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

വൈദ്യുതി വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ

2009 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതികൾ വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ എ. പി. ഡി. ആർ.പി പദ്ധതി</u>

2010 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് എ. പി. ഡി. ആർ.പി പദ്ധതിയനുസരിച്ച് ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുളളത്.

(ബി) എന്നാണ് ഈ പദ്ധതിയനുസരിച്ചുളള പണി പൂർത്തിയായത്;

(സി) എത്ര തുകയാണ് ഇതിന് ചെലവായത്;

(ഡി) പദ്ധതി പണി പൂർത്തിയായിട്ടും പ്രവർത്തനമാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി എന്നേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷൻ വിഭജനം</u>

2011 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷൻ വിഭജിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 1-10-2011 തീയതിയിലെ 333/VIP/2011/M(P) നമ്പറിൽ കോഴിക്കോട് ഡെപ്യൂട്ടിചീഫ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എൻജിനീയർ (സിവിൽ ) തസ്തികകളിൽ ഐ. റ്റി. ഐ. സർട്ടിഫിക്കറ്റുകാരെ നിയമിക്കുവാൻ നടപടി</u>

2012

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ പ്രമോഷൻ ക്വാട്ട പ്രകാരം നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; അതിൽ ഐ. റ്റി. ഐ. സർട്ടിഫിക്കറ്റ് ക്വാട്ട അനുസരിച്ച് എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഐ. റ്റി. ഐ. സർട്ടിഫിക്കറ്റ് വിഭാഗത്തിൽ സബ് എൻജിനീയർ (സിവിൽ) ൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ലേയ്ക്ക് പ്രമോഷൻ നടത്തിയിട്ട് എത്ര വർഷമായിട്ടുണ്ട്;

(സി) ഐ. റ്റി. ഐ. സർട്ടിഫിക്കറ്റ്കാരായ സിവിൽ സബ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ആയി പ്രമോഷൻ കൊടുക്കുന്നതിന് തടസ്സമായി നിൽക്കുന്ന ബോർഡ് ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് പി. എസ്. സി. യുടെ അനുമതി ലഭിച്ചിട്ടും ബോർഡ് ഉത്തരവ് ഭേദഗതി ചെയ്ത് പ്രമോഷൻ നടത്താതത്തിതിനുളള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് ഐ. റ്റി. ഐ. സർട്ടിഫിക്കറ്റുകാരെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിൽ</u>
<u>പി.എസ്.സി. നിയമനം</u>

2013

ശ്രീ. സി. മോയിൻ കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. നിയമനത്തിനായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ബാക്കി തസ്തികകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്ക് വർക്ക് രജിസ്റ്റർ</u>

2014

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ കെ.എസ്.ഇ.ബി. ഓഫീസുകളിലും ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്ക് വർക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ അനധികൃത വയറിംഗ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇത് ക്രിമിനൽ കുറ്റമാക്കുന്നത് പരിഗണിക്കുമോ;

(സി) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ പെർമിറ്റുള്ള വയർമാൻമാർക്ക് സംവരണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ഡി) കെ.എസ്.ഇ.ബി. ഓഫീസുകളിൽ വ്യാജ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് നിർത്തലാക്കാൻ കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>വൈദ്യുത ബോർഡിൽ വിവിധ തസ്തികകളിലേക്കുള്ള നിയമനം</u>

2015 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിനായി ഏതൊക്കെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്; ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(ബി) ജോലിയിൽ നിന്ന് വിരമിച്ചവർക്ക് വൈദ്യുതി ബോർഡിൽ പുനർ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബിയിലെ ഒഴിവുകൾ</u>

2016 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി യുടെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) മഴക്കാലമായതിനാൽ സുരക്ഷ കൂടി കണക്കിലെടുത്ത് എഞ്ചിനീയർമാരടക്കമുള്ളവരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>റെയിൽവെ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ നടപടി</u>

2017 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പ്രാരംഭ കൺസൾട്ടൻസി സേവനങ്ങൾക്കായുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറി നിർമ്മാണം</u>

2018 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടത് എന്നാണെന്നു വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളത്;

(സി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് സർക്കാർ റെയിൽവെയ്ക്ക് ഏറ്റെടുത്തു നല്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത കോച്ച് ഫാക്ടറി ഏതു മേഖലയിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവെ മന്ത്രാലയവുമായി എന്തെങ്കിലും കാര്യങ്ങൾക്ക് സർക്കാർ ഇടപെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>ട്രെയിനുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അമിത വില</u>
<u>നിയന്ത്രിക്കാൻ നടപടി</u>

2019 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ അളവും വിലയും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(സി) അമിത വില ഈടാക്കുന്നത് സംബന്ധിച്ചും ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ പരിശോധന സംബന്ധിച്ചും 2013 വർഷം മെയ് മാസം വരെ കേസുകൾ രജിസ്ട്രർ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം</u>

2020 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തി വരുന്ന രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് കേന്ദ്ര റെയിൽവെ മന്ത്രാലയത്തോട് ശുപാർശ ചെയ്യുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ഗുരുവായൂരിൽ നിന്നും തിരുവനന്തപുരം ഭാഗത്തേക്ക് ട്രെയിൻ</u>

2021 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ നിന്നും പകൽസമയം തിരുവനന്തപുരം ഭാഗത്തേക്ക് ട്രെയിൻ യാത്രാ സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പകൽ സമയം ഗുരുവായൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് ട്രെയിൻ യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പരവൂര്‍ റെയില്‍വേസ്റ്റേഷന്‍ 'ആദര്‍ശ്' പദവിയിലേക്ക് ഉയര്‍ത്തുന്നതിന് നടപടി

2022 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂര്‍ റെയില്‍വേസ്റ്റേഷന്‍ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷന്‍ 'ആദര്‍ശ് റെയില്‍വേ സ്റ്റേഷന്‍' പദവിയിലേക്ക് ഉയര്‍ത്തുമെന്ന് കേന്ദ്ര ഗവ.ബജറ്റ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അറിയിപ്പുകള്‍ സംസ്ഥാന ഗവണ്‍മെന്റിന് ലഭിച്ചിരുന്നോ; എങ്കില്‍ നാളിതുവരെയുള്ള തുടര്‍നടപടികളുടെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ സ്റ്റോപ്പില്ലാത്ത ട്രെയിനുകൾ</u>

2023 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്റ്റോപ്പില്ലാത്ത എത്ര ട്രെയിനുകൾ കേരളത്തിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ സ്റ്റോപ്പില്ലാത്ത ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ലെ സാമ്പത്തിക പ്രതിസന്ധി

2024 ശ്രീ.വി. ഡി. സതീശൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ സാമ്പത്തിക പ്രതിസന്ധി യിൽ നിന്നും രക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യെ ആധുനികവല്‍ക്കരിക്കുന്നതിന് നടപടി

2025 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യെ ആധുനികവല്‍ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആര്‍.ടി.സി. യില്‍ ഇ-ടിക്കറ്റ് മെഷീന്‍ ഈ സാമ്പത്തിക വര്‍ഷം വാങ്ങാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ എത്രയെണ്ണം എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആര്‍.ടി.സി. ആധുനികവല്‍ക്കരിക്കുന്നതിന്റെ ഫലമായി സ്ഥാപനത്തിന്റെ നഷ്ടം കുറയ്ക്കുവാനും പൊതുജനങ്ങള്‍ക്ക് കൂടുതല്‍ സേവനം ലഭ്യമാക്കുവാനും കഴിയുമോ എന്നു വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആര്‍.ടി.സി. യുടെ മിനി ബസ് സര്‍വ്വീസ് നിര്‍ത്തലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കെ.എസ്.ആര്‍.ടി.സി. ഈ വര്‍ഷം ഒരു ദിവസം എത്ര ഷെഡ്യൂള്‍ ആണ് ഓപ്പറേറ്റ് ചെയ്യുവാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക സഹായം

2026 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ ഒന്നു മുതൽ 2013 മെയ് 30 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര തുകയുടെ സാമ്പത്തിക സഹായമാണ് ഗവൺമെന്റിൽ നിന്ന് ലഭിച്ചത് ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത്;

(സി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ഗതാഗതവകുപ്പ് ധനകാര്യവകുപ്പിനു സമർപ്പിച്ചതെന്നും ഓരോ പദ്ധതിയിലൂടെയും എത്ര തുകയാണ് ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കുമോ ;

